## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .3037

07/11/2019 -ൽ മറുപടിയ്ക്ക്

### ഭൂമി രജിസ്ട്രേഷൻ സംബന്ധിച്ച പരിഷ്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ. മുരളി | ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നടത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പരിഷ്കാരങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) വിൽക്കുന്ന ആളിനോ, വാങ്ങുന്ന ആളിനോ തന്നെ രജിസ്ട്രേഷനായി ആധാരം സ്വയം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള സംവിധാനം.<br><br>2) പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്, A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചു .<br><br>3) ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഒടുക്കേണ്ട ഫീസുകൾക്ക് ഇ-പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തി.<br><br>4) ഒരു ലക്ഷം രൂപയ്ക്കു മുകളിലുള്ള എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം. |

സെക്ഷൻ ഓഫീസർ